**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1445** **12-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളിലെ ആനുകൂല്യങ്ങളുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തു പ്രവർത്തിക്കുന്ന എല്ലാ ക്ഷേമനിധി ബോർഡുകളും നിലവിൽ വിതരണം ചെയ്യേണ്ട പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വിശദാംശങ്ങളും ഓരോ ബോർഡും വിതരണം ചെയ്യേണ്ട തുകയും അവ ലഭിക്കാനുള്ള ഗുണഭോക്താക്കളുടെ എണ്ണവും ബോർഡ് തിരിച്ച് വ്യക്തമാക്കുമോ? | (എ) | സംസ്ഥാന തൊഴിൽ വകുപ്പിന്റെ കീഴിൽ 16 തൊഴിലാളി ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിക്കുന്നത്. ടി ബോർഡുകളിൽ നിലവിൽ വിതരണം ചെയ്യേണ്ട പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വിശദാംശങ്ങളും അവ ലഭിക്കാനുള്ള ഗുണഭോക്താക്കളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.<br><br>തൊഴിൽ വകുപ്പിന്റെ അധികാര പരിധിക്കു പുറത്തുള്ള മറ്റു ക്ഷേമനിധി ബോർഡുകളുടെ വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തുവരുന്നു. പെൻഷൻ, മാര്യേജ് അഡ്വാൻസ്, സ്കോളർഷിപ്പ്, പ്രോവിഡന്റ് ഫണ്ട്, ക്യാഷ് അവാർഡ്, ഡിസബിലിറ്റി പെൻഷൻ, ഫ്യൂണറൽ ബെനിഫിറ്റ്, എക്സ്ഗ്രേഷ്യ, മെഡിക്കൽ അസിസ്റ്റൻസ്, മാര്യേജ് അസിസ്റ്റൻസ് എന്നീ ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരുന്നു.

## 2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ നൽകിവരുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് കർഷക തൊഴിലാളി പെൻഷന്റെ നടത്തിപ്പും വിതരണവും ചെയ്യുന്നത്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിതരണം ചെയ്യുന്നതിനായുള്ള വിവിധ ആനുകൂല്യങ്ങളുടെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| അധിവർഷാനുകൂല്യം | | വിവാഹധനസഹായം | | പ്രസവധനസഹായം | |
|---|---|---|---|---|---|
| ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | വിതരണത്തിനാവശ്യമായ തുക | ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | വിതരണത്തിനാവശ്യമായ തുക | ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | വിതരണത്തിനാവശ്യമായ തുക |
| 3,21,287 | 4,93,28,91,875 | 7,832 | 1,91,65,000 | 4,763 | 7,14,45,000 |

## 3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

ബോർഡിൻറെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | വിതരണത്തിനാവശ്യമായ തുക |
|---|---|---|
| പെൻഷൻ | 10,031 (നവംബർ 2024) | 1,60,49,600 |
| | 10,066(ഡിസംബർ 2024) | 1,61,05,600 |
| | 10,142 (ജനുവരി 2025) | 1,62,27,200 |
| പ്രസവ ധനസഹായം | 3760 | 5,64,00,000 |

## 4. കേരള ബീഡി–ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ബീഡി–ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ വിതരണം ചെയ്യേണ്ട പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 3757. വിതരണം ചെയ്യേണ്ട തുക 1,79,81,400. മറ്റ് ആനുകൂല്യങ്ങൾ എല്ലാം കൃത്യമായി വിതരണം നടത്തി വരുന്നുണ്ട്.

## 5 കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ, അംശദായം, റീഫണ്ട്, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യഭ്യാസ ആനുകൂല്യം, മരണാനന്തരാനുകൂല്യം, ചികിത്സാ ധനസഹായം തുടങ്ങിയവയാണ് വിതരണം ചെയ്തുവരുന്നത്. മേൽ പ്രതിപാദിച്ചിരിക്കുന്ന ഇനങ്ങളിൽ നിലവിൽ 512316 അംഗങ്ങൾക്ക് 1392 കോടി രൂപ വിതരണം ചെയ്യേണ്ടതുണ്ട്.

## 6.കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

ബോർഡിൻറെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| അംശദായ പെൻഷൻ | | |
| നവംബർ 2024 | 57082 | 9,13,25,200/- |
| ഡിസംബർ 2024 | 57094 | 9,13,44,400/- |
| ജനുവരി 2025 | 57094 | 9,13,44,400/- |
| അവശത പെൻഷൻ | | |
| 2023 ഒക്ടോബർ മുതൽ 2024 ജനുവരി വരെ & 2024 ജൂലൈ മുതൽ 2025 ജനുവരി വരെ | 1300 | 2,28,80,000/- |

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ മറ്റ് ആനുകൂല്യങ്ങൾ എല്ലാം കൃത്യമായി വിതരണം നടത്തി വരുന്നുണ്ട്. അതിൽ കുടിശ്ശിക ഒന്നുംതന്നെ ഇല്ല.

## 7. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 നവംബർ മുതൽ 2025 ജനുവരി വരെയുള്ള 3 മാസത്തെ പെൻഷൻ കുടിശ്ശികയാണ്. ടി ഇനത്തിൽ 8489 ഗുണഭോക്താക്കൾക്കു 4,07,04,000/- രൂപ നൽകേണ്ടതുണ്ട്. മറ്റ് ആനുകൂല്യങ്ങളെല്ലാം അപേക്ഷ ലഭിക്കുന്ന മുറക്ക് അപ്പപ്പോൾ അനുവദിക്കുന്നുണ്ട്.

**8. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്**

അൺ-അറ്റാച്ച്ഡ്

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അൺ-അറ്റാച്ച്ഡ് വിഭാഗം പെൻഷൻ ഗുണഭോക്താക്കൾക്ക് ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നാളിതുവരെ കുടിശ്ശികയില്ലാതെയാണ് പ്രതിമാസം പെൻഷൻ വിതരണം ചെയ്തുവരുന്നത്. ആനുകൂല്യ അപേക്ഷ ലഭിക്കുന്നമുറയ്ക്ക് അത് സമയബന്ധിതമായി തീർപ്പാക്കി ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്നു.

സ്കാറ്റേർഡ്

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം 4989 പെൻഷൻ ഗുണഭോക്താക്കൾക്ക് 2024 നവംബർ, ഡിസംബർ , 2025 ജനുവരി മാസങ്ങളിലെ പെൻഷൻ ഇനത്തിൽ 23929200 രൂപ വിതരണം ചെയ്യേണ്ടതുണ്ട് . ആനുകൂല്യ അപേക്ഷ ലഭിക്കുന്നമുറയ്ക്ക് അത് സമയബന്ധിതമായി തീർപ്പാക്കി ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്നു.

**9. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ആഭരണ തൊഴിലാലി ക്ഷേമനിധി ബോർഡിൽ പൂർണ്ണമായും സർക്കാർ സഹായത്തോടെയാണ് പെൻഷൻ നൽകി വരുന്നത്.നിലവിൽ 2024 ഒക്ടോബർ വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

നിലവിൽ വിതരണം ചെയ്യേണ്ട പെൻഷൻ ചുവടെ ചേർക്കുന്നു. പ്രസവാനുകൂല്യം, വിവാഹധനസഹായം, ചികിത്സ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസാനുകൂല്യം എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു. 61 ഗുണഭോക്താക്കൾക്ക് 3,75,500/- രൂപ ആനുകൂല്യ ഇനത്തിൽ വിതരണം ചെയ്യാനുണ്ട്.

**10. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്**

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ വിവിധ ആനുകൂല്യങ്ങൾക്കായി ഓൺലൈൻ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കൃത്യത ഉറപ്പ വരുത്തിയ ശേഷം പത്ത് ദിവസത്തിനുള്ളിൽ ആനുകൂല്യം വിതരണം നടത്തിവരുന്നു. വിദ്യാഭ്യാസ ആനുകൂല്യത്തിനായി 2024-25 സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകൾ സബ്കമ്മിറ്റിയുടെ പരിഗണനക്കായി സമർപ്പിച്ച ശേഷം 2025 മാർച്ചിനു മുൻപായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനുവരി മാസം വിതരണം ചെയ്ത ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആനുകൂല്യത്തിന്റെ പേര് | നടപടി നടന്നു വരുന്ന അപേക്ഷകളുടെ എണ്ണം | അനുവദിക്കാനുള്ള തുക (Rs) |
|---|---|---|---|
| 1 | വിവാഹം | 15 | 1,12,500 |
| 2 | പ്രസവം | 18 | 2,70,000 |
| 3 | മരണാനന്തരം | 10 | 50,000 |
| 4 | ഫ്യൂണറൽ | 1 | 2000 |
| 5 | അപകടമരണം | 1 | 25,000 |
| 6 | ഐ.ടി.ഐ | - | - |
| 7 | സിവിൽ സർവ്വീസ് | 3 | 58,460 |

**11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തുവരുന്നു.

**12. കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ നാളിതുവരെ മുടക്കം വന്നിട്ടില്ല.

**13. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാർ ധനസഹായം മുഖേന 2024 ഒക്ടോബർ മാസം വരെയുള്ള പെൻഷൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| 2024 നവംബർ | 953 | 15,24,800/- |
| 2024 ഡിസംബർ | 965 | 15,44,000/- |
| 2024 ജനുവരി | 976 | 15,61,600/- |

മറ്റ് ക്ഷേമനിധി ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്തുവരുന്നു.

## 14. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

| ആനുകൂല്യം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| പെൻഷൻ | | |
| 2024 നവംബർ മുതൽ 2025 ജനുവരി വരെ | 102816 | 49,34,59,200/- |
| പ്രസവ ധനസഹായം | | |
| 2012-13 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ | 8220 | 10,68,60,000/- |
| ജൂൺ 2021 മുതൽ ജനുവരി 2025 വരെ | 5934 | 7,71,42,000/- |

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നാളിതുവരെയുള്ള ആനുകൂല്യം മുടക്കം ഇല്ലാതെ വിതരണം ചെയ്തിട്ടുണ്ട്.

## 15. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തുവരുന്നു.

## 16. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിൽ 2024 നവംബർ, ഡിസംബർ മാസങ്ങളിൽ വിതരണം ചെയ്യേണ്ട പെൻഷൻ ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| 2024 നവംബർ | 17739 | 2,83,82,400/- |
| 2024 ഡിസംബർ | 17831 | 2,85,29,600/- |

മറ്റ് ആനുകൂല്യ വിതരണത്തിൽ ഒന്നുംതന്നെ കുടിശ്ശിക ഇല്ല.